"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡോ. സോഫിയ എം. ഫയൽ ചെയ്ത OA No 425/2021-യുടെ 17.02.2021-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1034/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/05/2021

പരാമർശം:- 1 ഡോ. സോഫിയ എം. സമർപ്പിച്ച 28.01.2021-ലെ നിവേദനം(Annexure A5)

2 ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ OA No 425/2021-യുടെ 17.02.2021-ലെ അന്തിമ ഉത്തരവ്.

ഉത്തരവ്

പഞ്ചായത്ത് വവകുപ്പിലേയ്ക്ക് ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 18.07.2019-ൽ നിലവിൽ വന്നെങ്കിലും നാളിതു വരെ നിയമനം നടന്നിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണം നടന്നിട്ടുള്ള സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച റാങ്ക് ലിസ്റ്റിൽ നിന്നും മുനിസിപ്പാലിറ്റികളിലേയ്ക്ക് നിയമനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡോ. സോഫിയ എം. OA No 425/2021 ഫയൽ ചെയ്തിരുന്നു. Annexure A5 നിവേദനം പരിഗണിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (2) പ്രകാരം ബഹു കോടതി ഉത്തരവായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ച് ഉത്തരവാകുന്നതിനു മുമ്പ് പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ തസ്തികയിലേക്ക് വിജ്ഞാപനം ചെയ്ത പ്രകാരം 18/7/2019-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിലാണ് അപേക്ഷക ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ നിന്നും മുൻസിപ്പാലിറ്റിയിലേക്ക് നിയമനം നടത്തുവാൻ സാധിക്കുകയില്ല. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് വിശേഷാൽ ചട്ടങ്ങൾ അന്തിമമായിട്ടില്ല. ടി വിശേഷാൽ ചട്ടങ്ങൾ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഡോ. സോഫിയ എം. സമർപ്പിച്ചിട്ടുള്ള നിവേദനത്തിലെ (Annexure A5) ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ .എസ് .കണ്ണൻ

സ്പെഷ്യൽ സെക്രട്ടറി

ഡോ. സോഫിയ എം., D/o ശ്രീ ഇ. മീരാൻ സാഹിബ്, സീറ, നേമം പി.ഒ., തിരുവനന്തപുരം, പിൻ-695020

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ